**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - തളിപ്പറമ്പ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .ജയിംസ് മാത്യു എംഎൽഎ -യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.1385/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 02.05.2017

---

പരാമർശം - (1) 11.06.2012-ലെ നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് ശ്രീ .ജയിംസ് മാത്യു എംഎൽഎ നൽകിയ 14.12.2016 തീയതിയിലെ JM/TPBA/LAC-ADS3/2016 നമ്പർ കത്ത്.

(3) ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് ശ്രീ .ജയിംസ് മാത്യു എംഎൽഎ നൽകിയ 17.02.2017 തീയതിയിലെ JM/TPBA/LAC-ADS004/2016 നമ്പർ കത്ത്.

(4) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.03.2017-ലെ ഡിബി5/1343/17/സിഇ/തസ്വഭവ (4) നമ്പർ കത്ത്.

**ഉത്തരവ്**

തളിപ്പറമ്പ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .ജയിംസ് മാത്യു എംഎൽഎ, "ബക്കളം എൻ.എച്ച്.-കടമ്പേരി കവല -വടക്കാഞ്ചേരി റോഡ് പുനരുദ്ധാരണം", "ഡ്രീം പാലസ് - പി ആൻഡ് ടി ക്വാർട്ടേഴ്സ് റോഡിൽ 2 കൾവർട്ട് നിർമ്മാണം", "വണ്ണാരത്തുവയൽ -മാന്തംകുണ്ട് -പുളിമ്പറമ്പ് റോഡ് നിർമ്മാണം" എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2, 3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 4 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ജെയിംസ് മാത്യു എം.എൽ.എ - യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ ആകെ അടങ്കൽ തുക 70 ലക്ഷം രൂപ വരുന്ന (i) Project ID 1590 ബക്കളം NH-കടമ്പേരിക്കവല -വടക്കാഞ്ചേരി റോഡ് പുനരുദ്ധാരണം - ആന്തൂർ നഗരസഭ (25 lakh); (ii) Project ID 1589 Dream palace- P&T കോർട്ടേഴ്സ് റോഡിൽ 2 കൾവർട്ട് നിർമ്മാണവും റോഡ് പുനരുദ്ധാരണവും -തളിപ്പറമ്പ് നഗരസഭ (20 lakh); (iii) Project ID 1588 വണ്ണാരത്ത് വയൽ -മാന്തംകുണ്ട് -പുളിമ്പറമ്പ് റോഡ് നിർമ്മാണം -തളിപ്പറമ്പ് നഗരസഭ (25 lakh) എന്നീ 3 പ്രവൃത്തികൾക്ക്, വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ആയതു സംബന്ധിച്ച ചെലവ് "4515-00-800-96" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ .ജയിംസ് മാത്യു എംഎൽഎ, തളിപ്പറമ്പ് നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, തളിപ്പറമ്പ് നഗരസഭ.
ധനകാര്യ വകുപ്പ് (1073148/എസി.-സി3/2016/ഫിൻ തീയതി 22.04.2017).
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.